**പതിനാലാം കേരള നിയമസഭ**

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 703

13.01.2021 ൽ മറുപടിയ്ക്ക്

**വളന്തകാട് ദ്വീപ് കേന്ദ്രമാക്കി ഒരു വിനോദ സഞ്ചാര പദ്ധതി**

| ചോദ്യം<br>ശ്രീ. എം. സ്വരാജ് : | | ഉത്തരം<br>**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|---|
| എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ വളന്തകാട് ദ്വീപ് കേന്ദ്രമാക്കി ഒരു വിനോദ സഞ്ചാര പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളന്തകാട് കേന്ദ്രമാക്കി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതി, നിലവിലെ പുരോഗതി എന്നിവയുൾപ്പടെയുള്ള വിവരങ്ങൾ വിശദമായി അറിയിക്കുമോ; | ബി) ടി പദ്ധതിക്ക് 13.08.2019 ൽ 99,90,682 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതിയിൽ ഫ്ലോട്ടിംഗ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ , ബോട്ട് ജെട്ടി, നടപ്പാത എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്. ഫ്ലോട്ടിംഗ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പുരോഗതിയിലാണ്. ബോട്ട്ജെട്ടി , നടപ്പാത എന്നിവയുടെ നിർമ്മാണം നഗരസഭയുടെ കൂടി അനുമതിയ്ക്ക് വിധേയമായി ആരംഭിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ എറണാകുളം ഡി.റ്റി.പി.സി അറിയിച്ചിട്ടുണ്ട്. |
| സി) | പദ്ധതിയുടെ തുടർനടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) അടിസ്ഥാന സൗകര്യ വികസനം സാധ്യമാകുന്നതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**